# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4764      14 .11.2019 ൽ മറുപടിക്ക്

## തലപ്പാടി മുതൽ കാസർകോട് വരെയുള്ള ദേശീയ പാതയിലെ അറ്റകുറ്റപ്പണികൾ

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തലപ്പാടി മുതൽ കാസർകോട് വരെയുള്ള ദേശീയ പാതയിൽ കുളങ്ങളോളം വലുപ്പത്തിൽ കുഴികൾ രൂപപ്പെട്ടത് കാരണം ജനങ്ങൾ സഹിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പ്രസ്തുത റോഡിലെ തകരാറുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) കുഴികൾ അടയ്ക്കുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവൃത്തി ഏൽപ്പിച്ച കരാറുകാരൻ ആവശ്യമായ വസ്തുക്കൾ ഉപയോഗിച്ചില്ലായെന്നതിനാൽ മഴ വന്നപ്പോൾ സ്ഥിതി വഷളായെന്ന ജനങ്ങളുടെ പരാതിയിൽ വസ്തുതയുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) മഴ തുടരുന്ന സാഹചര്യമായതിനാൽ എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വെറ്റ് മിക്സ് മാത്രമാണ് കുഴി അടയ്ക്കുന്നതിന് ഇപ്പോൾ ഉപയോഗിച്ചിട്ടുള്ളത്. ബി.എം & ബി.സി പ്രവൃത്തികൾ മഴ കാരണം ചെയ്യാൻ സാധിച്ചിട്ടില്ല. ബി.എം & ബി.സി പ്രവൃത്തികൾ കൂടി ചെയ്താൽ മാത്രമേ റോഡ് പൂർണമായും ഗതാഗത യോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. കുഴി അടയ്ക്കുന്നതിന് ഉപയോഗിച്ച വെറ്റ്മിക്സ് പൂർണമായും ഗുണനിലവാരം ഉറപ്പ് വരുത്തിയതാണ്. എന്നാൽ മഴയുടെ കാഠിന്യം മൂലം ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ജില്ലയിൽ മഴ മാറുന്ന മുറയ്ക്ക് ടാറിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ ചെയ്ത് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതാണ്. |

| | | |
|---|---|---|
| (സി) | ഉപയോഗിച്ച വസ്തുക്കൾ എന്താണെന്നും പണിനടക്കുമ്പോൾ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥന്മാർ ആരാണെന്നും വ്യക്തമാക്കാമോ; വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) വെറ്റ്മിക്സ് ഉപയോഗിച്ച് കൊണ്ടുള്ള മെയിന്റനൻസ് പ്രവൃത്തികളാണ് ആദ്യഘട്ടത്തിൽ ചെയ്തത്. എൻ.എച്ച് സെക്ഷൻ കാസർഗോഡിലെ ഓവർസിയർമാരുടെയും, അസിസ്റ്റന്റ് എഞ്ചിനീയറുടെയും എൻ.എച്ച്. സബ്ഡിവിഷൻ കാസർഗോഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നേതൃത്വത്തിലാണ് പ്രവൃത്തികൾ നടത്തുന്നത്. കനത്ത മഴ സമയത്ത് അടിയന്തിരമായി ചെയ്യാവുന്ന പ്രവൃത്തി വെറ്റ് മിക്സ് ഇട്ട് കുഴികൾ അടയ്ക്കുക എന്നതാണ്. ഇത് കുറെയൊക്കെ ഇളകിപ്പോകാൻ സാദ്ധ്യതയുള്ളതാണ്. മഴ മാറുന്ന മുറയ്ക്ക് മാത്രമേ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്ത് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയൊന്നും സംഭവിച്ചിട്ടില്ല. |
| (ഡി) | എത്ര രൂപയുടെ പണി നടന്നതിന് ശേഷമാണ് മഴ വന്ന് ഫലമില്ലാതെയായതെന്നും ഈ നഷ്ടം ആര് വഹിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) ഏകദേശം രണ്ടര ലക്ഷം രൂപയുടെ പണി നടന്നതിനു ശേഷമാണ് മഴ മൂലം ചിലഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചത്. അതിശക്തമായ മഴ കാരണം ഇതിൽ ഏകദേശം അമ്പതിനായിരം രൂപയുടെ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിലും ആയത് അതേ കരാറുകാരനെക്കൊണ്ടു തന്നെ വീണ്ടും ചെയ്യിക്കുന്നുണ്ട്. ഈ ഇനത്തിൽ സംഭവിക്കുന്ന നഷ്ടം കരാറുകാരന്റെ ബാധ്യതയാണ്. ആയതിനാൽ സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു നഷ്ടവും ഇല്ല. |

**സെക്ഷൻ ഓഫീസർ**